പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 101

20.01.2014-ൽ മറുപടി നൽകേണ്ടത്

# ഭൂരഹിതർ ഇല്ലാത്ത ജില്ല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ<br>" കെ. അജിത്<br>" വി. ശശി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'ഭൂരഹിതർ ഇല്ലാത്ത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരഹിതർ ഇല്ലാത്ത ജില്ലയായി പ്രഖ്യാപിച്ച ജില്ല ഏതാണെന്ന് വ്യക്തമാക്കാമോ; | 'കണ്ണൂർ' ജില്ല |
| (ബി) പ്രസ്തുത ജില്ലയിൽ 2005-മുതൽ ഭൂമിക്കുവേണ്ടി ആദിവാസികൾ അപേക്ഷ നൽകിയിരുന്നുവോ; വിശദാംശം നൽകമോ; ഇവർക്ക് എല്ലാപേർക്കും പ്രസ്തുത പദ്ധതിയിൻ കീഴിൽ ഭൂമി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | (ബി) നൽകിയിരുന്നു. അങ്ങനെ ലഭിച്ച അപേക്ഷകരിൽ 3531 ആദിവാസികൾക്ക് 1 ഏക്കർ വീതം ലഭിക്കും വിധത്തിൽ ഭൂമി നൽകിയിട്ടുള്ളതായി തലശ്ശേരി സബ്കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി അപേക്ഷകൾ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ളവയല്ല. |
| (സി) ഇത്തരം ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നല്കാതെയാണ് ഭൂരഹിത കേരളം പദ്ധതിയിൻ കീഴിൽ ഭൂരഹിതരില്ലാത്ത ജില്ലയെന്ന് പ്രഖ്യാപിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അപേക്ഷ നൽകിയതിൽ അർഹരായി കണ്ടെത്തിയ 73 ആദിവാസികളിൽ 68 ആദിവാസികൾക്ക് 1 ഏക്കർ വീതം ഭൂമി നൽകുകയും ഫോട്ടോ സമർപ്പിക്കാത്തവരുടെ ഭൂമി മറ്റാർക്കും നൽകിയിട്ടില്ലെന്നും പ്ലോട്ട് തിരിച്ച് ഇട്ടിരിക്കുകയാണെന്നും തലശ്ശേരി സബ് കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ അപേക്ഷ നൽകിയവരിൽ വിവിധ തലത്തിലുള്ള അന്വേഷണത്തിൽ അർഹരായി കണ്ടെത്തിയ മുഴുവൻ പേർക്കും ഭൂമി നൽകിയാണ് ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചത്. |

സെക്ഷൻ ഓഫീസർ